പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5441 — 25.10.2011 ൽ മറുപടിയ്ക്ക്

## കൊല്ലം താലൂക്ക് വിഭജനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി.എസ് ജയലാൽ: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ ഏതെങ്കിലും താലൂക്കുകൾ വിഭജിച്ച് പുതിയ താലൂക്കുകൾക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കു ന്നുണ്ടോ;<br>(ബി) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ താലൂക്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (എ) & (ബി) | ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന/രൂപീകരണം സംബന്ധിച്ച് ലാൻറ് റവന്യൂ കമ്മീഷണറേറ്റും സർക്കാർ റവന്യൂ വകുപ്പും സംയുക്തമായി 2007 ൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പ്രയോറിറ്റി നം.18 ആയി കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ താലൂക്ക് രൂപീകരിക്കുന്ന കാര്യം പരാമർശിക്കുന്നുണ്ട്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷം മാത്രമേ കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ താലൂക്ക് രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളു |

Thilip

സെക്ഷൻ ഓഫീസർ